16. എല്ലാ ആർ.ടി. ഓഫീസുകളും താമസംവിനാ കംപ്യൂട്ടർ വൽക്കരിക്കാനുള്ള ഒരു സമഗ്ര പദ്ധതി ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

17. സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയിലേയ്ക്കുള്ള അപേക്ഷകൾ തപാലിൽ അയയ്ക്കുന്നതിന് ഏർപ്പാടുണ്ടാക്കി.

18. ഈ വകുപ്പിന്റെ വിവിധ തരം ആവശ്യങ്ങൾക്ക് വേണ്ടി വരുന്ന നിയമങ്ങളും നടപടിക്രമങ്ങളും നടത്തുന്ന ലഘുരേഖകൾ അച്ചടിച്ച് സൗജന്യമായി പൊതുജനങ്ങൾക്ക് വിതരണം ചെയ്തു.

19. ഈ വകുപ്പിലെ ഉദ്യോഗസ്ഥൻമാരെ പരാമർശിക്കുന്ന പരാതികളിൽ അന്വേഷണം നടത്തുന്നതിലേയ്ക്കായി അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു വിജിലൻസ് സെൽ രൂപീകരിച്ചു. വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമതയും അഴിമതി രഹിതവുമാക്കാനാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

(ബി) ഏർപ്പെടുത്തിയ പരിഷ്ക്കാരങ്ങൾ ഒന്നും തന്നെ വേണമെന്ന് വച്ചിട്ടില്ല.

കാർഷിക വിളകളുടെ തറവില

22 (*228) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം കാർഷികവിളകളുടെ തറവിലയാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) റബ്ബറിന്റെ തറവില 50 രൂപയായി വർദ്ധിപ്പിക്കാൻ സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(സി) നാളികേരം, കുരുമുളക്, കൊക്കോ, ജാതി, ഇഞ്ചി, തുടങ്ങിയ കാർഷികവിളകൾക്ക് ആദായകരമായ തറവില നിശ്ചയിക്കാൻ കേന്ദ്ര ഗവൺമെന്റിൽ ആവശ്യമായ സമ്മർദ്ദം ചെലുത്താൻ സർക്കാർ തയ്യാറാകുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) കൊപ്ര, നെല്ല് എന്നീ വിളകളുടെ താങ്ങുവിലയാണ് കേന്ദ്ര സർക്കാർ ഇപ്പോൾ പ്രഖ്യാപിച്ചു വരുന്നുത്.

(ബി) റബ്ബറിന്റെ ഉല്പാദന ചെലവുമായി ബന്ധപ്പെടുത്തി താങ്ങുവില നിശ്ചയിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) കൊപ്ര ക്വിന്റലിന് 4100 രൂപ തറവില നിശ്ചയിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കുരുമുളക്, കൊക്കോ, ജാതി, ഇഞ്ചി തുടങ്ങിയ വിളകൾക്കും ആദായകരമായ തറവില നിശ്ചയിക്കാൻ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly